നേതൃത്വത്തിലുള്ള കൃഷിക്കാരെ അറസ്റ്റ് ചെയ്തിട്ടില്ല. ഇപ്രകാരം അറസ്റ്റ് ചെയ്ത ഗവണ്മെന്റു നയത്തെയും പോലീസ് നയത്തേയും വിമർശിക്കേണ്ടയാവശ്യമുണ്ട്.

ശ്രീ. എം. കെ. കൃഷ്ണൻ : സർ, അവിടെ മേലെനിന്നും യാതൊരു നിർദ്ദേശവും കൊടുത്തിട്ടില്ല. പണിയെടുക്കുവാൻ പോയ തൊഴിലാളികളെ യാതൊന്നും ചെയ്തിട്ടില്ല. കൃഷിപ്പണി ഒരു വിഭാഗത്തിനു നിഷേധിച്ചപ്പോഴാണ് അവിടെ ഒരു സംഘർഷാവസ്ഥ ഉണ്ടായി. തക്കം നേരിട്ടന്നതിനു വേണ്ടി കളക്ടർ പോലീസ് ആക്ട് 21-ം 23-ം പ്രകാരം നിരോധനം ഏർപ്പെടുത്തിയിരുന്നു. അതിനുശേഷം പതിനായിരത്തോളംപേർ ആയുധധാരികളായി പാടത്തേക്കു ചെന്നപ്പോഴാണ് അറസ്റ്റു ചെയ്തത്. അല്ലാതെ സമാധാനപരമായി കൃഷി ചെയ്യാൻ പോയ ആരെയും അറസ്റ്റ് ചെയ്യുകയോ അവരുടെ പേരിൽ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

ശ്രീ. കെ. കരുണാകരൻ : 27-ാം തീയതി കാലത്തു് വെറും നാലു തൊഴിലാളികളെ ജോലി ചെയ്യുവാനായി ഡി.സി.സി. പ്രസിഡന്റ് ശ്രീ. പി. ആർ. കൃഷ്ണന്റെ നേതൃത്വത്തിൽ ചെന്നയവസരത്തിൽ ശ്രീ. കൃഷ്ണനെ അറസ്റ്റു ചെയ്തു.....

മി. സ്പീക്കർ : അവിടെ നിയമസമാധാനം പുനഃസ്ഥാപിക്കുന്നതിനുവേണ്ട അടിയന്തിര നടപടികളും സ്വീകരിച്ചിട്ടുണ്ടെന്നു് മന്ത്രി പറഞ്ഞുകഴിഞ്ഞു ആ നിലയ്ക്ക് അടിയന്തിര പ്രമേയത്തിൽ അനുമതി നൽകുന്നില്ല.

(iii) Situation prevailing in the Fatima Mata College

മി. സ്പീക്കർ : കൊല്ലത്തെ ഫാത്തിമാ മാതാ ദേവാലയത്തിനെതിരായ് നടന്ന ആക്രമണം നിമിത്തമുണ്ടായ സാഹചര്യത്തെക്കുറിച്ചു ചർച്ച ചെയ്യുന്നതിനു ശ്രീ. കെ. എം. ജോർജ് നോട്ടീസ് നൽകിയിട്ടുണ്ട്. ഈ കാര്യത്തെപ്പറ്റി ചോദ്യോത്തരവേളയിൽ പറഞ്ഞുകഴിഞ്ഞു. മാത്രമല്ല ഇതുസംബന്ധിച്ചു് രണ്ടു കേസ്സ് നിലവിലിരിക്കുകയാണ്. അതുകൊണ്ടു് നോട്ടീസ് ബഹുമാനപ്പെട്ട മന്ത്രിക്കു് മേൽനടപടികൾക്കായി അയച്ചുകൊടുക്കാം; അവതരണാനുവാദം നൽകുന്നില്ല.

(iv) Eviction of Malayalees from Gudallur

മി. സ്പീക്കർ : നീലഗിരിയിൽ നിന്നും ഗൂഡല്ലൂർനിന്നും മലയാളികളെ തമിഴ്നാടുഗവണ്മെന്റു് കുടിയിറക്കിക്കൊണ്ടിരിക്കുന്ന ഗൗരവതരമായ സംഭവത്തെക്കുറിച്ചു് ചർച്ചചെയ്യാൻ സഭാനടപടികൾ നിറുത്തി വയ്ക്കണമെന്നു കാണിച്ചു് ശ്രീ. രാമുണ്ണി നോട്ടീസ് തന്നിട്ടുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി : ഇതിനു മുമ്പുതന്നെ ശ്രീ. രാമുണ്ണിയുടെയും ഗൂഡല്ലൂർ നിന്നുള്ള കൃഷിക്കാരുടെയും മെമ്മോറാണ്ടം കിട്ടിയതിന്റെ അടിസ്ഥാനത്തിൽ തമിഴ്നാട് ഗവണ്മെൻറിനു് എഴുത്തയച്ചിട്ടുണ്ട്. മദ്രാസിൽ പോകുമ്പോൾ നേരിട്ടു സംസാരിക്കാമെന്നാണു് വിചാരിച്ചിരുന്നതു്. പക്ഷേ സംസാരിക്കാൻ തരപ്പെട്ടില്ല; രാത്രിയായിപ്പോയി. അതുകൊണ്ടു് നടപടി തുടർന്നു നടത്തുന്നതാണു്.

ശ്രീ. എം. എം. തോമസ് : രണ്ടുദിവസം മുൻപു് ഞാൻ ആ പ്രദേശത്തു പോയിരുന്നു. അടിയന്തിരമായി കുടിയിറക്കാൻ പോലീസും റവന്യൂ ഉദ്യോഗസ്ഥന്മാരും സ്ഥലത്തെത്തിയിട്ടുണ്ട്. അതുകൊണ്ടു് അടിയന്തിരമായ നടപടികൾ നടത്തണമെന്നു് അഭ്യർത്ഥിക്കുകയാണു്.

ശ്രീ. എം. രാമുണ്ണി : കൃഷിക്കാരുടെ കർപ്പിത്തോട്ടങ്ങൾ പോലീസുകാർ വെട്ടി നശിപ്പിക്കുകയാണു്. കുടിയിറക്കാനുള്ള നടപടികൾ അടിയന്തിരമായി നടന്നുകൊണ്ടിരിക്കുകയാണു്. നമ്മുടെ നാട്ടിലുണ്ടാകുന്ന പ്രത്യാഘാതം തമിഴ്നാടു ഗവണ്മെൻറിനെ അറിയിക്കുമോ ?

Shri. E. Ahamed : May I make a submission ? I had a meeting with the Chief Minister of Tamil Nadu in this connection. He has assured

LIBRARY ARCHIVES Kerala Legislative Assembly

me that no such steps would be taken in future. Those encroachers who have encroached recently have been evicted. He will take necessary action not to discriminate between Malayalees and Tamilians. He was very much serious and desirous of maintaing the present cordial relations between the two States. He has also requested me not to make any public statements which would worsen the situation further. I would request the Speaker that such discussions which may lead this House to say something against the Tamil Nadu Government may not be continued.

Mr. Speaker : There is nothing against the Tamil Nadu Government. തമിഴ്നാട് ഗവണ്മെൻറിനെതിരായ ഒന്നും ഇല്ല. മലയാളികളെ കുടിയിറക്കുന്നുവെന്നുള്ളതിന് സ്വാഭാവികമായും മലയാളികളായ നമുക്ക് ആശങ്കയുണ്ട് പക്ഷേ തമിഴ്നാട് ഗവണ്മെൻറിനെതിരായി യാതൊന്നും ഇല്ലതന്നെ. ബഹുമാനപ്പെട്ട തമിഴ്നാട് മുഖ്യമന്ത്രിയുമായി ചർച്ച ചെയ്തു.....

ശ്രീമതീ കെ. ആർ. ഗൗരി : സർ, എഴുത്തു് എഴുതിക്കഴിഞ്ഞു. ഞാൻ ഡൽഹിക്കു പോയപ്പോൾ സംസാരിക്കാമെന്നാണു് വിചാരിച്ചിരുന്നതു്. മുഖ്യമന്ത്രി ഡൽഹിയിൽ വന്നില്ല. അതുകൊണ്ടു് ഗവണ്മെൻറു് പിന്നെയും ഇക്കാര്യം പരിഗണനയിലെടുക്കും. പുതിയ ആളുകളെ മാത്രം ഒഴിപ്പിക്കുന്നുവെന്നു പറഞ്ഞതു ശരിയല്ല. അതു് എന്തോ തെറ്റിദ്ധാരണകൊണ്ടു പറഞ്ഞതാണു്. പുതിയ ആളുകളെ മാത്രമല്ല, പഴയ ആളുകളെയും ഒഴിപ്പിക്കുന്നുണ്ടു്. അതുകൊണ്ടു് ഗവണ്മെൻറു് ആ കാര്യത്തിൽ നടപടി എടുക്കും.

ശ്രീ. എം. എം. തോമസ് : രണ്ടു മൂന്നു ദിവസത്തിനകം നടപടിയെടുത്തില്ലെങ്കിൽ എന്തെങ്കിലും സംഭവിക്കും.

ശ്രീ. ഇ. അഹമ്മദു് : ബഹുമാനപ്പെട്ട റവന്യൂമന്ത്രി മദ്രാസുവരെപോയി കൺസൾറ്റു് ചെയ്യുന്നതു നന്നായിരിക്കും.

മി. സ്പീക്കർ : ബഹുമാനപ്പെട്ട റവന്യൂമന്ത്രി അടിയന്തിരമായനടപടിയെടുക്കാമെന്നു് ഉറപ്പുനൽകിയിരിക്കുന്ന സ്ഥിതിക്കു് അടിയന്തിരപ്രമേയത്തിനു് അനുമതി നൽകുന്നില്ല

6. CALLING ATTENTION UNDER RULE 61

Closure of the Spinning Mills, at Cannannore

മി. സ്പീക്കർ: കണ്ണൂർ സ്പിന്നിംഗ് മിൽ പൂട്ടിയിട്ടതിനെസംബന്ധിച്ചു് ശ്രീ ഇ. അഹമ്മദു് റൂൾ 61 അനുസരിച്ചു് ഒരു നോട്ടീസ് നൽകിയിട്ടുണ്ടു്.

ശ്രീ. ഇ. അഹമ്മദു് : സർ, കണ്ണൂർ സ്പിന്നിംഗ്മിൽ ജൂൺ 13-ാം തീയതി മുതൽ പൂട്ടിയിട്ടിരിക്കുകയാണു്. തൊള്ളായിരത്തിൽപ്പരം പേർ ജോലിചെയ്തിരുന്ന സ്ഥാപനമാണു്. അതു പൂട്ടിയിട്ടതു തൊഴിൽക്കുഴപ്പം കാരണമായിട്ടല്ല.

മി. സ്പീക്കർ: എളുപ്പം പറയണം.

ശ്രീ ഇ. അഹമ്മദു് : വേഗം പറയാം സർ. സാമ്പത്തിക ക്ലേശത്തിൻറെ പേരിലാണു് അതു പൂട്ടിയിട്ടിരിക്കുന്നതു്. 117 ദിവസമായി തൊള്ളായിരത്തിൽപ്പരം തൊഴിലാളികൾ പട്ടിണിയിലും കഷ്ടപ്പാടിലും നൈരാശ്യത്തിലും കഴിയുകയാണു്. ബഹുമാനപ്പെട്ട വ്യവസായ മന്ത്രി 10 ലക്ഷം കയുടെ ബാങ്ക് ഗാരണ്ടി കൊടുക്കുന്നതു സംബന്ധിച്ചു് നടപടിയെടുക്കാമെന്നു പറഞ്ഞിട്ടുണ്ടു്. എങ്കിലും നടപടിയെടുത്തു കാണാത്തതിൽ തൊഴിലാളികൾക്കും പൊതുജനങ്ങൾക്കുമുള്ള വികാരങ്ങളെ ഗവണ്മെ

LIBRARY ARCHIVES Kerala Legislative Assembly